12
ജൂലൈ 2023
ബുധൻ
Pages- 5
Vol. 2 Issue 160

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

CNL7 MEDIA

529

## ജൂത പലായനം ; കലാപഭൂമിയിൽനിന്നും വാഗ്ദത്ത നാട്ടിലേക്ക്

### മണിപ്പൂരിൽ നിന്നും ബെനെയ് മാനഷെ ജൂതന്മാരുടെ

# ഏറ്റവും വലിയ പലായനം തുടരുന്നു



പേജ് 3,4 കാണുക

## മണിപ്പുരിൽ വീടുകളും ആരാധനാലയങ്ങളും പുനർനിർമിക്കാൻ സുപ്രീം കോടതിയുടെ നിർദ്ദേശം



## എഡിറ്റോറിയൽ

## ക്രിസ്ത്യൻ ലൈവ്

2023 ജൂലൈ 12 ബുധൻ



# അഭിഷേകം നഷ്ടപ്പെട്ട ദുരന്തങ്ങൾ

**ദൈവ**ത്തിന്റെ സഭയെ ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ നേരായ പാതയിൽ നയിക്കുന്ന ജോലിയാണ് ദൈവത്തിന്റെ ദാസന്മാർക്കുള്ളത്. ആ ദൗത്യ നിർവ്വഹണത്തിനായി ദൈവം അവരെ അഭിഷേകം ചെയ്യുന്നു. ദൈവത്തിന്റെ നിർദ്ദേശങ്ങൾ പാലിക്കാനുള്ള വലിയ ആത്മീയ ഉത്തരവാദിത്തത്തോടെയാണ് അഭിഷേകം ചെയ്യപ്പെടുന്നത്. അഭിഷേകം പകരപ്പെട്ട വ്യക്തികൾ ദൈവഹിത പ്രകാരമാണ് നടക്കേണ്ടത്. അവരുടെമേൽ പകർന്നിരിക്കുന്ന അഭിഷേകം നഷ്ടപ്പെട്ടു പോകാതെ സൂക്ഷിക്കാൻ ഓരോ അഭിഷിക്തരും തയ്യാറാകേണ്ടതുണ്ട്. ദൈവത്തിന്റെ ദാനവും ദൈവ വിളിയും ഒരു വിശ്വാസിക്കും ശാശ്വതമായ സ്വത്തല്ല എന്ന ബോധം ഓരോ അഭിഷിക്തരും ഇപ്പോഴും ഓർമ്മിക്കണം. അല്ലാത്ത പക്ഷം ദാതാവ് അത് തിരികെ എടുക്കുന്നതായി നമുക്ക് കാണാൻ കഴിയുന്നു.

ദൈവജനം, സമാനതകളില്ലാത്ത പ്രതിസന്ധി നേരിട്ടപ്പോഴൊക്കെ ആ പ്രതിസന്ധി തരണം ചെയ്യാൻ ദൈവം ചിലരെ തെരഞ്ഞെടുത്ത് അഭിഷേകം ചെയ്തിട്ടുണ്ട്. എന്നാൽ അവരിൽ ചിലർ അഭിഷേകം നഷ്ടപ്പെടുത്തിയതും നാം ദൈവ വചനത്തിൽ വായിക്കുന്നുണ്ട്. അവരിൽ ചിലർ അനുസരണക്കേട് നിമിത്തം അഭിഷേകം നഷ്ടപ്പെടുത്തിയെങ്കിൽ വേറെ ചിലർ ധനമോഹത്താലും, വിഷയാസക്തിയാലുമാണ് അത് നഷ്ടപ്പെടുത്തിയത്.

യിസ്രായേലിന്റെ പ്രഥമ രാജാവായി അഭിഷേകം ചെയ്യപ്പെട്ട ശൗൽ; രാജാവ് മാത്രമല്ലായിരുന്നു ഒരു പ്രവാചകൻ കൂടി ആയിരുന്നു. എന്നാൽ അനുസരണക്കേട് നിമിത്തം തന്റെ മേൽ പകർന്ന അഭിഷേകം സ്വയമേവ നഷ്ടപ്പെടുത്തുകയായിരുന്നു. ജനത്തെ സധൈര്യം നയിച്ച അഭിഷിക്തനായ ശൗൽ പിന്നീട് രാജ്യം പ്രതിസന്ധി നേരിടുമ്പോൾ ഭയചകിതനായി രാജ്യത്തിന് ഒരു ഭാരമായി തീരുന്നത് നാം കാണുന്നുണ്ട്.

'ഫെലിസ്ത്യന്റെ ഈ വാക്കുകൾ ശൗലും എല്ലായിസ്രായേല്യരും കേട്ടപ്പോൾ ഭ്രമിച്ച് ഏറ്റവും ഭയപ്പെട്ടു.(1 ശമുവേൽ 17:11) അനുസരണക്കേട് കാണിച്ച ശൗൽ, ഒരു ദുരന്തമായി മാറുന്ന കാഴ്ച്ചയിലൂടെയാണ് ചരിത്രംരചന മുമ്പോട്ട് പോകുന്നത്.

അഭിഷേകം നഷ്ടപ്പെടുത്തിയ ശിംശോൻ കേവലം ശത്രുവിന് മാവു പൊടിക്കുന്നവനായി തീരുന്നതും നാം വായിക്കുന്നു. പുതിയ നിയമത്തിലേക്ക് വരുമ്പോൾ, ദ്രവ്യാഗ്രഹം നിമിത്തം അഭിഷേകവും, തെരഞ്ഞെടുപ്പും നഷ്ടമാക്കിയ യൂദയെയും നാം സുവിശേഷങ്ങളിൽ കാണുന്നു. ഇവരെല്ലാം അഭിഷേകം നഷ്ടപ്പെടുത്തിയപ്പോൾ ഒരു ദുരന്തമായി മാറുകയായിരുന്നു. ഇന്നും ദൈവസഭകളിൽ, അഭിഷേകം നഷ്ടപ്പെടുത്തി ദുരന്തമായി മാറിയിരിക്കുന്ന നിരവധി അനവധി ആളുകളെ നമുക്ക് കാണാൻ കഴിയും.



സജി വർഗീസ്
മണിയാർ

# ഹെബ്രോൻ വി.ബി.എസ് ഹാലിഫാക്സ്

ഹാലിഫാക്സ്/കാനഡ: കാനഡ ഹെബ്രോൻ ഫെല്ലോഷിപ്പ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 13മുതൽ 15 വരെ വി.ബി.എസ് നടക്കും. ഫെയ്ത്ത്ഫാഷൻസ് എന്നതാണ് ചിന്താവിഷയം. ഹാലിഫാക്സ് പട്ടണത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നുള്ള കുട്ടികൾ വി.ബി.എസിൽ പങ്കെടുക്കും. മലയാളം വി.ബി.എസ് ആയതിനാൽ വളരെ ആവേശത്തോടെയാണ് കുട്ടികളും മാതാപിതാക്കളും ഈ പ്രോഗ്രാമിനെ ഏറ്റെടുത്തിരിക്കുന്നത് എന്ന് സംഘടകർ വിലയിരുത്തുന്നു. ജൂലൈ 13ന് ആരംഭിക്കുന്ന വി ബി എസ് പാസ്റ്റർ ചാർലി ജോസഫ് ഉത്ഘാടനം നിർവഹിക്കും, വി ബി എസ് കോർഡിനേറ്റർ നിബു അലക്സാണ്ടർ അധ്യക്ഷത വഹിക്കും. വിവിധ സെഷനുകളിൽ ഷോജോ ജോൺ,അനുഗ്രഹ്, കൃപ ജോയൽ, മെർലിൻ സിജോ, വിൻസി ജോൺ, കരുണ, ഡാനിലാൽ, പോൾ രാജൻ, ഡീന ബിനു, ജോയൽ മാത്യു തുടങ്ങിയവർ വിവിധ കിഡ്സ് സെഷനുകൾക്കും ക്ളാസുകൾക്കും നേതൃത്വം നൽകും.

## ഉത്തരേന്ത്യയിലെ ജനതക്ക്

# സഹായവുമായി ക്രൈസ്തവ സഭ




സിംല: മഴക്കെടുതി മൂലം ദുരിതം അനുഭവിക്കുന്ന ഉത്തരേന്ത്യയിലെ ജനതയ്ക്ക് സഹായവുമായി ക്രൈസ്തവ സഭ. ഇതുവരെ ഇരുപത്തിയഞ്ചോളം ആളുകളാണ് മഴയെ തുടർന്നുണ്ടായ പ്രകൃതി ദുരന്തങ്ങൾ മൂലം മരണമടഞ്ഞത്. സഭയുടെ എല്ലാ പ്രസ്ഥാനങ്ങളോടും, സാമൂഹ്യ സേവന, ആരോഗ്യ കേന്ദ്രങ്ങളോടും 24 മണിക്കൂറും തുറന്നു പ്രവർത്തിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്ന് സിംല ചണ്ഡീഗഢ് രൂപതയുടെ അധ്യക്ഷൻ ബിഷപ്പ് ഇഗ്നേഷ്യസ് ലയോള ഇവാൻ മസ്കരാനസ് പറഞ്ഞു. ആയിരക്കണക്കിന് ആളുകളെ ഇതിനോടകം മാറ്റി പാർപ്പിച്ചിട്ടുണ്ട്. സോളനിലും, കുളു മണാലിയിലുമുള്ള സഭയുടെ കെട്ടിടങ്ങൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. മഴമൂലം ഉണ്ടായ പ്രകൃതി ദുരന്തങ്ങൾ മൂലം കഴിഞ്ഞ മൂന്നു ദിവസത്തിനിടെ 17 പേർ ഹിമാചൽ പ്രദേശിലും, 12 പേർ ഹരിയാനയിലും, ആറുപേർ പഞ്ചാബിലും മരിച്ചു. ഇപ്പോഴത്തെ സാഹചര്യത്തെപ്പറ്റി മനസ്സിലാക്കി കൊണ്ടിരിക്കുകയാണെന്നും, രക്ഷാപ്രവർത്തനം ആരംഭിക്കുമെന്നും ഹരിയാനയിലെ ഗുർഗയോൺ സീറോ മലങ്കര രൂപതയുടെ അധ്യക്ഷൻ ബിഷപ്പ് തോമസ് മാർ അന്തോണിയോസും വ്യക്തമാക്കിയിട്ടുണ്ട്.

മുമ്പെങ്ങും കണ്ടിട്ടില്ലാത്ത വിധമുള്ള പെട്ടെന്ന് ഉണ്ടായ മഴമൂലം വെള്ളപ്പൊക്കവും, മണ്ണിടിച്ചിലും രൂപതയുടെ ഏകദേശം എല്ലാ പ്രദേശങ്ങളിലും ബാധിച്ചതായി അദ്ദേഹം വിശദീകരിച്ചു. ദുരിതബാധിതർക്ക് അഭയകേന്ദ്രവും ഭക്ഷണവും ശുദ്ധജലവും ലഭ്യമാക്കാൻ സഭ പ്രത്യേക ഇടപെടലുകൾ നടത്തിവരുന്നുണ്ട്. പഞ്ചാബിൽ വിവിധ സ്ഥലങ്ങളിൽ കുടുങ്ങിപോയവരെ രക്ഷിക്കാൻ വേണ്ടി സർക്കാർ സൈന്യത്തിന്റെ സഹായം തേടിയിട്ടുണ്ട്.

ഹിമാചൽ പ്രദേശിലെ റോഡ് ഗതാഗതത്തെയും, വൈദ്യുതി, കുടിവെള്ള വിതരണത്തെയും മഴക്കെടുതി സാരമായി ബാധിച്ചിട്ടുണ്ട്. ലാഹുൽ സ്പിറ്റി, കുളു ജില്ലകളിൽ കുടുങ്ങി പോയ മുന്നൂറോളം ആളുകളെ സുരക്ഷിതസ്ഥാനത്തേക്ക് എത്തിക്കാൻ വേണ്ടിയുള്ള

# പിവൈപിഎ യുടെ നേതൃത്വത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് തുടക്കം



കുമ്പനാട് : സംസ്ഥാന പിവൈപിഎ യുടെ നേതൃത്വത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഒന്നാം ഘട്ട പ്രവർത്തങ്ങളുടെ ഭാഗമായി പ്രളയബാധിത പ്രദേശങ്ങളിൽ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തു. സംസ്ഥാന പിവൈപിഎ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് ഐപിസി മുൻ അന്തർദേശീയ പ്രസിഡന്റ് ഡോ.കെ സി ജോൺ പ്രവർത്തനങ്ങൾ ഉത്ഘാടനം ചെയ്തു.

സംസ്ഥാന പിവൈപിഎ യും കാനഡയിലെ ഹാമിൽട്ടൻ സിറ്റിയിൽ പാസ്റ്റർ ജോബിൻ പി മത്തായി നേതൃത്വം നൽകുന്ന ശാലോം ക്രിസ്ത്യൻ ഫെല്ലോഷിപ്പുമായി ചേർന്നാണ് പ്രളയ ബാധിത പ്രദേശങ്ങളിൽ ഭക്ഷണകിറ്റുകൾ വിതരണം ചെയ്തത്. അപ്പർ കുട്ടനാട് കേന്ദ്രീകരിച്ചു നടത്തിയ ചാരിറ്റി പ്രവർത്തനങ്ങൾ ഐപിസി മുൻ അന്തർദേശീയ പ്രസിഡന്റ് ഡോ കെ സി ജോൺ ഉത്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് ഇവാ. മോൻസി മാമ്മൻ അധ്യക്ഷത വഹിച്ച യോഗത്തിൽ പിവൈപിഎ സംസ്ഥാന ഭാരവാഹികൾ ആയ ബ്രദർ. ജസ്റ്റിൻ നെടുവേലിൽ, ബ്രദർ. സന്ദീപ് വിളമ്പുകണ്ടം, ബ്രദർ. ബിബിൻ കല്ലിങ്കൽ, കൂടാതെ സംസ്ഥാന പിവൈപിഎ ജനറൽ കോർഡിനേറ്റർ ബ്രദർ. ജോസി പ്ലാതാനത്തു, സംസ്ഥാന പിവൈപിഎ മുൻ അധ്യക്ഷൻ പാസ്റ്റർ അജു അലക്സ് എന്നിവർ പങ്കെടുത്തു. വിവിധ ഘട്ടങ്ങളിൽ ആയി നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രളയ ദുരിത മേഖലയിലെ പ്രവർത്തനങ്ങൾ വരുംദിവസങ്ങളിൽ മറ്റു ജില്ലകളിലും തുടരുമെന്ന് സംസ്ഥാന പിവൈപിഎ സെക്രട്ടറി ബ്രദർ. ജസ്റ്റിൻ നെടുവേലിൽ അറിയിച്ചു.

EDITORIAL BOARD

*Chief Editor:*
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas, Oklahoma.
Pr. Blesson Cherian, Canada.
Rojin Pynummoodu
Duglus Joseph
Sis.Jessy Koshy
Sis.Blessy Rufus

+91 9188522220 +91 9846552220 Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# ന്യൂ ജനറേഷന് പ്രകൃതിയോട് അടുക്കാൻ ഒരു റോബോട്ട്


പ്രിൻസ് മാമ്മൻ

**പുനലൂർ ഈസ്റ്റ് സെക്ഷൻ ഉറുകുന്ന് അസംബ്ലീസ് ഓഫ് ഗോഡ് ചർച്ച് അംഗമായ പ്രിൻസ് മാമ്മൻ ആണ് ഫ്രീമാൻ റോബോട്സ് എന്ന സ്റ്റാർട്ടപ്പിന്റെ സ്ഥാപകൻ. പ്രിൻസ് ഒരു മെക്കാട്രോണിക്സ് എഞ്ചിനീയറും എംബിഎ ഗ്രാജുവേറ്റുമാണ്**



ടെക്നോളജിയിൽ അധിഷ്ഠിതമായി അതിവേഗമോടികൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തിൽ വളർന്നുവരുന്ന പുതിയ തലമുറയെ, പ്രകൃതിയുമായി വീണ്ടും ബന്ധിപ്പിക്കുന്നതിന് ഇന്ന് വളരെ പ്രയാസം ഉണ്ട്.
ഈ വെല്ലുവിളിക്ക് ഒരു പരിഹാരമായി ടെക്നോളജി ഉപയോഗിച്ചുകൊണ്ട്തന്നെ അവരിൽ ഗാർഡനിങ് എന്ന ഹോബി വളർത്തിയെടുക്കാൻ വേണ്ടി കേരളത്തിൽ നിന്നും ഗാർഡ്റോ (GARDRO) എന്ന റോബോട്ട് മാർക്കറ്റിൽ എത്താൻ തയ്യാറെടുക്കുകയാണ്.

കേരളം ആസ്ഥാനമായുള്ള ഫ്രീമാൻ (FREEMAN) എന്ന റോബോട്ടിക്സ് കമ്പനിയാണ് ഈ റോബോട്ടിനെ അവതരിപ്പിക്കുന്നത്. പുനലൂർ ഈസ്റ്റ് സെക്ഷൻ ഉറുകുന്ന് അസംബ്ലീസ് ഓഫ് ഗോഡ് ചർച്ച് അംഗമായപ്രിൻസ് മാമ്മൻ ആണ് ഫ്രീമാൻ റോബോട്സ് എന്ന സ്റ്റാർട്ടപ്പിന്റെ സ്ഥാപകൻ. പ്രിൻസ് ഒരു മെക്കാട്രോണിക്സ് എഞ്ചിനീയറും എംബിഎ ഗ്രാജുവേറ്റുമാണ്.

ഗാർഡനിൽ ചെടികളോടൊപ്പം വളർന്നു വരുന്ന കളകളെ തിരിച്ചറിയാനും അത് ഇല്ലാതാക്കാനുമുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആണ് ഗാർഡറോ എന്ന റോബോട്ടിന്റെ പ്രത്യേകത. അതേസമയം എല്ലാ പ്രായത്തിലുമുള്ള ആളുകൾക്കും വീടുകളിൽ പച്ചക്കറി തോട്ടം നട്ടുണ്ടാക്കാൻ ഈ റോബോട്ട് ഒരു പ്രചോദനമാകും.

### ഗാർഡ്രോയുടെ സവിശേഷതകളും ഗുണങ്ങളും:

ബാറ്ററിയിൽ പ്രവർത്തിക്കുന്നതും കയ്യിൽ ഒതുങ്ങുന്ന വലിപ്പവുമുള്ള ഈ റോബോട്ടിനു നിങ്ങളുടെ തോട്ടം എത്ര ചെറിയ ഏരിയായിൽ ഉള്ളതാണെങ്കിൽം എല്ലായിടത്തും ഓടിയെത്താൻ കഴിയും. അതുകൊണ്ട്തന്നെ മുറ്റത്തും, ടെറസിലും, ബാൽക്കണിയിൽ പോലും നട്ടുണ്ടാകുന്ന ചെറിയ ഗാർഡനിൽ ചെടികളെ പരിപാലിക്കാൻ ഈ റോബോട്ടിനു കഴിയും. കൃത്യമായ ഇടവേളകളിൽ ചെടികൾക്കിടയിലെ കളകളെ നീക്കം ചെയ്യുന്നതിലൂടെ ചെടികളുടെ ആരോഗ്യപരമായ വളർച്ച ഉറപ്പുവരുത്താൻ കഴിയും.

### ഗാർഡറോ പുതിയ തലമുറക്ക് എങ്ങനെ പ്രചോദനമാകുന്നു:

കുട്ടികളെ ഗാർഡനിങ് പോലുള്ള കൃഷിയുടെ ആദ്യപാഠങ്ങളിൽ ഉൾപ്പെടുത്തുകയും അവരെ പ്രകൃതിയുമായി വീണ്ടും ബന്ധിപ്പിക്കുകയും ചെയ്യേണ്ടത് ഇന്നത്തെ കാലഘട്ടത്തിൽ നിർണായകമാണ്. കൃഷിയോടുള്ള താല്പര്യക്കുറവും മറ്റു ആധുനിക തൊഴില്മേഖലകളോടുള്ള അഭിനിവേശവും ഭാവിയിൽ കര്ഷകരില്ലാതെയാകുവാനും ഭഷ്യവസ്തുക്കൾക്കു അങ്ങേയറ്റം വിലക്കയറ്റം സംഭവിക്കാനും കാരണമാകുന്നു. ഇപ്പോൾ തന്നെ കേരളം മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് നമ്മൾ കാണുന്നുണ്ടല്ലോ.
ഈ സാഹചര്യത്തിൽ ടെക്നോളജിക്കും പ്രകൃതിക്കും തമ്മിലുള്ള ഒരു പാലമായി ഗാർഡ്രോ പ്രവർത്തിക്കുന്നു. ഇത് സാങ്കേതിക വിദഗ്ദ്ധരായ യുവതലമുറയെ കൃഷിയിലേക്ക് ആകർഷിക്കുന്നു. അത്യാധുനിക ടെക്നോളോജികളെ കൃഷിപോലെയുള്ള അടിസ്ഥാനമേഖലകളിൽ എങ്ങനെ ഉപയോഗിക്കാമെന്നും ഗാർഡറോ(GARDRO) പഠിപ്പിക്കുന്നു.

പുതിയ തലമുറയെ മൊബൈൽ വീഡിയോ ഗെയിംസ്, സോഷ്യൽ മീഡിയ പോലെയുള്ള അഡിക്ശ്റ്റീവായ വിനോദങ്ങളിൽ നിന്ന് മാറി പ്രകൃതിയുമായി ഇടപഴകാനുള്ള അവസരം നൽകുന്നു.

### പ്രായമായവർക്കും പ്രയോജനം:

പ്രായമുള്ളവര്കും, ആരോഗ്യകരമായ ഒരു ഹോബിയായി ഗാർഡനിങ്അ ചെയ്യാനുള്ള സാധ്യത ഗാർഡ്രോ വാഗ്ദാനം ചെയ്യുന്നു.
കളകളുടെ കാര്യം റോബോട്ട് ഏറ്റെടുക്കുന്നതിലൂടെ വലിയ ശാരീരിക പ്രയാസങ്ങളില്ലാതെ തന്നെ പ്രായമുള്ളവര്കും ഗാർഡനിങ് ഒരു നല്ല ഹോബി ആക്കി മാറ്റാൻ കഴിയും. വിനോദത്തോടൊപ്പം തന്നെ വീട്ടിലേക് ആവശ്യമായ പച്ചക്കറികൾ സ്വന്തം ഗാർഡനിൽ വിളയിച്ചെടുക്കാൻ കഴിഞ്ഞാൽ മാർക്കറ്റിൽ പച്ചക്കറിക്ക് വിലകൂടുന്നതിൽ ടെൻഷൻ അടിക്കേണ്ടയാവശ്യം വരില്ല.

# മണിപ്പുരിൽ വീടുകളും ആരാധനാലയങ്ങളും പുനർനിർമിക്കാൻ സുപ്രീം കോടതിയുടെ നിർദ്ദേശം

ന്യൂഡൽഹി: മണിപ്പുരിൽ ആക്രമണത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് ധനസഹായം നൽകുന്നതിനും വീടുകളും ആരാധനാലയങ്ങളും പുനർനിർമിച്ച് നൽകുന്നതിനും കേന്ദ്ര, സംസ്ഥാന സർക്കാരുകൾ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സുപ്രീംകോടതി നിർദേശിച്ചു. കുക്കി വിഭാഗക്കാർ നേരിടുന്ന ക്രൂരതകൾ വിവരിച്ച മണിപ്പുർ ട്രൈബൽ ഫോറം അഭിഭാഷകൻ കോളിൻ ഗോൺസാൽവസിൻറെ വാദങ്ങൾ കേട്ട കോടതി മണിപ്പുരിൽ വിദ്വേഷ പ്രസംഗം നിയന്ത്രിക്കുന്നതിനും സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും ബന്ധപ്പെട്ട എല്ലാ കക്ഷികളും സഹകരിക്കണമെന്നും ആവശ്യപ്പെട്ടു.

കുക്കി ഗോത്ര വിഭാഗക്കാർക്ക് സൈനിക സംരക്ഷണം നൽകണമെന്ന മണിപ്പൂർ ട്രൈബൽ ഫോറത്തിൻറെ ആവശ്യത്തിൽ, ജനാധിപത്യ രാജ്യമായ ഇന്ത്യയിൽ സൈന്യത്തിന് യഥേഷ്ടം പ്രവർത്തിക്കുന്നതിന് അധികാരം നൽകുന്ന ഉത്തരവുകൾ കോടതിക്ക് പുറപ്പെടുവിക്കാനാകില്ലെന്ന് സുപ്രീം കോടതി വ!്യക്തമാക്കി. കഴിഞ്ഞ 72 വർഷമായി



ഇന്ത്യൻ സൈന്യത്തിന് അത്തരം നിർദേശങ്ങൾ നൽകിയിട്ടില്ലെന്നും സൈന്യത്തിന്മേലുള്ള സിവിലിയൻ നിയന്ത്രണമാണ് ഇന്ത്യൻ ജനാധിപത്യത്തിൻറെ ഏറ്റവും വലിയ മുഖമുദ്രയെന്നും ചൂണ്ടിക്കാട്ടി.

# വൈ പി സി എ ജനറൽ ക്യാമ്പ്

ചെങ്ങന്നൂർ :ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് യുവജന വിഭാഗമായ വൈ പി സി എയുടെ ജനറൽ ക്യാമ്പ് 2023 ആഗസ്ത് 28 മുതൽ 30 വരെ ചെങ്ങന്നൂർ പ്രൊവിഡൻസ് എഞ്ചിനീയറിംഗ് കോളേജിൽ വെച്ച് നടത്തപ്പെടും. ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് പ്രസിഡന്റ് പാസ്റ്റർ ആർ എബ്രഹാം , ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് ജനറൽ സെക്രട്ടറി പാസ്റ്റർ ബിജു തമ്പി , മനോജ് എബ്രഹാം ഐ പി എസ് , ഡോ . നിഖിൽ ഗ്ലാഡ്സൺ , ഡോ . സുമ, പാസ്റ്റർ സുജിത് എം സുനിൽ ബ്രദർ. അനിൽ കുമാർ അയ്യപ്പൻ എന്നിവർ വിവിധ സെഷനുകളിൽ ശുശ്രൂഷിക്കും. വൈ പി സി എ ക്വയർ ടീം ആരാധനയ്ക്ക് നേതൃത്വം നൽകും. ന്യൂ ഇന്ത്യ ദൈവ സഭയിലെ അനുഗ്രഹീതരായ ദൈവദാസന്മാർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകും .
കൂടുതൽ വിവരങ്ങൾക്ക് : 8592019018

## ജൂത പലായനം ; കലാപഭൂമിയിൽനിന്നും വാഗ്ദത്ത നാട്ടിലേക്ക്

# മണിപ്പൂരിൽ നിന്നും ബെനെയ് മാനഷെ ജൂതന്മാരുടെ ഏറ്റവും വലിയ പലായനം തുടരുന്നു

ഇംഫാൽ : ബെനെയ് മാനഷെ ജൂതന്മാരുടെ ഏറ്റവും വലിയ പലായനം നടന്നുകൊണ്ടിരിക്കുന്നതായി റിപ്പോർട്ട്. മണിപ്പൂരിലെയും മിസോറാമിലെയും ഗ്രാമീണ കാർഷിക ഭൂപ്രകൃതിയിൽ ചിതറിക്കിടക്കുന്ന 9,000ത്തിലധികം ജൂതഅംഗങ്ങളുണ്ട്, കലാപത്തെത്തുടർന്നു മണിപ്പൂരിലെ ഗോത്രവർഗക്കാർ ഇന്ത്യ വിട്ട് ഇസ്രായേലിലേക്ക് പലായനം തുടങ്ങിയിരിക്കുകയാണ്. 1950കളിൽ അവരുടെ യഹൂദ ബന്ധം വ്യക്തമായിരുന്നു. പിന്നീട് 1970കളിൽ മണിപ്പൂരിൽ യഹൂദമതം ആചരിക്കാൻ തുടങ്ങി, 27 നൂറ്റാണ്ടുകൾക്കു മുമ്പ് അസീറിയൻ സാമ്രാജ്യം നാടുകടത്തിയ ബെനെയ് മനാഷെ എന്ന് വിളിക്കപ്പെടുന്ന ഈ ജൂതന്മാർ, ഇസ്രായേലിന്റെ നഷ്ടപ്പെട്ട 10 ഗോത്രങ്ങളിൽ ഒന്നായ മനശ്ശെയുടെ പിൻഗാമികൾ ആണെന്ന് കരുതപ്പെടുന്നു. ബെനെയ് മാനഷെ എന്ന പദം പ്രദേശത്തുടനീളം ചിതറിക്കിടക്കുന്ന ചിൻകുക്കിമിസോസ് (ചിക്കിം) ഗോത്രങ്ങളെ സൂചിപ്പിക്കുന്നു.

'ഞാൻ മാസങ്ങളോളം നിശബ്ദമായി കരയുന്നു, എൻറെ ദേശത്തെക്കുറിച്ചുള്ള ഓർമകൾ എന്നെ വേദനിപ്പിച്ചിരുന്നു. എന്നിരുന്നാലും പുണ്യഭൂമിയിലേക്ക് മടങ്ങാനുള്ള ആഗ്രഹം വളരെ ശക്തമാണ്.' മണിപ്പൂരിലെ ചുരാചന്ദ്പൂർ ജില്ലയിൽ നിന്നുള്ള 57



കാരനായ നെംചിൻ ടൗതാങ് എന്ന ജൂതൻ പറയുന്നു. മണിപ്പൂരിൽ നിന്ന് ഇസ്രായേലിൽ സ്ഥിരതാമസമാക്കാൻ പോയ 228 ജൂതന്മാരിൽ ഒരാളാണ് അദ്ദേഹം. മണിപ്പൂരിലെ മലനിരകളിൽ നിന്നുള്ള മിസോ, കുക്കി വംശീയ വിഭാഗങ്ങളിൽ പെടുന്ന ഭൂരിഭാഗം പേരും ജൂതന്മാരാണ്, മെയ്തീസ് താഴ്വരയിലാണ് താമസിക്കുന്നത്. പലരും മടങ്ങാനുള്ള അവസരത്തിനായി അഭയകേന്ദ്രങ്ങളിൽ താമസിക്കുന്നു. ഇന്ത്യൻ ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള കേന്ദ്ര സായുധ പോലീസ് സേനയുടെ ഭാഗമായ അസം റൈഫിൾസ് നടത്തുന്ന സൈനിക ക്യാമ്പുകളിലാണ് ഇപ്പോൾ ജൂതന്മാർ അഭയം കണ്ടെത്തിയിരിക്കുന്നത്. 'ഞങ്ങൾ അഭിമുഖീകരിക്കുന്ന അവസ്ഥകൾ ഭയാനകമാണ്,' ബിനീ മെനാഷെ കൗൺസിൽ ചെയർമാൻ ലാലം ഹാങ്ഷിംഗ് പറഞ്ഞു.

1983ൽ ഓർത്തഡോക്സ് റബ്ബി എലിയഹു അവിചൈൽ, നഷ്ടപ്പെട്ട 10 ഗോത്രങ്ങൾക്കായി ലോകം പരതുകയും ഇസ്രായേലിലേക്ക് മടങ്ങാൻ ബ്നെയ് മെനാഷെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ മുൻ സഹായിയായിരുന്ന മൈക്കൽ ഫ്രണ്ട്, 2002ൽ ഷാവേയ് ഇസ്രായേൽ എന്ന ലാഭേച്ഛയില്ലാത്ത ഒരു സ്ഥാപനം ആരംഭിച്ചതോടെ മെനാഷെ ഗോത്രക്കാരുടെ ഇസ്രായേലിലേക്കുള്ള മടങ്ങിവരവിന് സഹായകമായി. 2005ൽ ശ്ലോമോ അമർ നടത്തിയ ഒരു റബ്ബിക്കൽ വിധി, ബ്നെയ് മെനാഷെ 'ഇസ്രായേലിന്റെ സന്തതി' ആണെന്ന് നിർണ്ണയിച്ചു. മതനിയമങ്ങളാൽ അല്ല, വംശപരമ്പരയാൽ ജൂതന്മാരായി കണക്കാക്കപ്പെടുന്നവരുടെ ഒരു പദമാണിത്. ഇസ്രായേലിലെ പ്രധാന റബ്ബീ അവരെ യഹൂദന്മാരായി സ്വീകരിക്കുകയും ചെയ്തു. ആദ്യം ചൈനയിലേക്കും പിന്നീട് ഇന്ത്യയിലേക്കും കുടിയേറുകയായിരുന്നു. മാനഷെ ഗോത്രക്കാൾ ഭൂരിഭാഗവും യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരായതിനാൽ 'മശിഹൈക ജൂതന്മാർ' എന്നും അറിയപ്പെടുന്നു.

## നിത്യതയിൽ



കൊട്ടാരക്കര: ഇളമ്പൽ നെടിയവിള വീട്ടിൽ ജോർജ് ജോൺ (80) അമേരിക്കയിൽ ഫിലാഡൽഫിയയിൽ നിത്യതയിൽ പ്രവേശിച്ചു. സംസ്കാരം ജൂലൈ 15ന് ഫിലദിൽഫിയ ന്യൂ ടെസ്റ്റ്മെന്റ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ നടക്കും. ഭാര്യ : പരേതയായ മേരിക്കുട്ടി (തൃകണമംഗൽ മറവൂർ കുടുംബാംഗം). മക്കൾ : ലിസി, ജെസി, സുനി, പരേതനായ സാം, സോണി (എല്ലാവരും USA)മരുമക്കൾ : സാംകുട്ടി, ബാബുകുട്ടി, ജോജി, നോബിൾ.




## ക്രിസ്ത്യൻ മാട്രിമോണി

Born & raised in Qatar, Pentecostal youth (28/5'5), only son, works as a Chemical Engineer (Schlumberger), invites proposals from parents of spiritual and God fearing girls.“. Preference will be given to those those from medical field. Phone :97455327348. (WhatsApp) Email: jaj3292000@yahoo.co.in

### വധുവിനെ ആവശ്യമുണ്ട്


**Remarriage,Born Again Syrian Christian**
**Boy,31 yr/172 cm,BE.Mech,Pathanamthitta 9946847617**

ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ് Age-41, Height-179 (B. A Sociology, Bth, Dip Mission., B A. in Minitsry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർ വിവാവഹവും പരിഗണിക്കും. **ഫോൺ: 9847683343.**

## ഏകദിന പ്രാർത്ഥന

താമരശ്ശേരി : ഐപിസി കേരള സ്റ്റേറ്റ് പ്രയർ & റിവൈവൽ ബോർഡിന്റെ നേതൃത്വത്തിൽ ജൂലൈ 20 ന് ഏകദിന പ്രാർത്ഥനയും ഉണർവ്വ് യോഗവും താമരശ്ശേരി ഐപിസി ഹെബ്രോൻ സഭയിൽ നടക്കും. പാ. ബാബു എബ്രഹാം (ഐപിസി കോഴിക്കോട് സെന്റർ ശുശ്രൂഷകൻ), പാ. ജെയിംസ് അലക്സാണ്ടർ (ഐപിസി തിരുവമ്പാടി സെന്റർ ശുശ്രൂഷകൻ), പാ. എം. എം. മാത്യു (പേരാമ്പ്ര ഏരിയ ശുശ്രൂഷകൻ), പാ. മാത്യു കെ. വർഗീസ്, പാ. സണ്ണി അലക്സാണ്ടർ, പാ. സി. സി. പ്രസാദ്, പാ. ബാബു തലവടി എന്നിവർ സന്ദേശങ്ങൾ നൽകും. ഐപിസി പ്രയർ & റിവൈവൽ ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.
കൂടുതൽ വിവരങ്ങൾക്ക് : +91 94472 24713, +91 99477 30461, +91 86065 86897, +91 94466 87347

## കോട്ടയം ഹൈറേഞ്ച് റീജിയന് പുതിയ നേതൃത്വം



കോട്ടയം: ശാരോൺ ഫെല്ലോഷിപ്പ് ചർച്ച് കോട്ടയം ഹൈറേഞ്ച് റീജിയൻ പ്രസിഡന്റായി പാസ്റ്റർ സി ഏലിയാസ് , അസിസ്റ്റന്റ് റീജിയൻ പ്രസിഡന്റായി പാസ്റ്റർ ജേക്കബ് ജോർജ് മുണ്ടയ്ക്കൽ , റീജിയൻ സെക്രട്ടറിയായി പാസ്റ്റർ ഫിലിപ് തോമസ് എന്നിവരെ ശാരോൺ ചർച്ച് കൗൺസിൽ നിയമിച്ചു.
2023 ജൂലൈ 10 നു മുണ്ടക്കയം ഫെല്ലോഷിപ്പ് ചർച്ചിൽ സംഘടിപ്പിച്ച കോട്ടയം ഹൈ റേഞ്ച് റീജിയൻ മീറ്റിംഗിൽ ശാരോൺ ഫെല്ലോഷിപ്പ് സഭകളുടെ ദേശിയ പ്രസിഡണ്ട് പാസ്റ്റർ എബ്രഹാം ജോസഫ് പ്രസ്തുത ദൈവദാസന്മാരുടെ നിയമനം സംബന്ധിച്ച ഔദ്യോഗിക അറിയിപ്പ് വായിച്ചു. ഹൈറേഞ്ച് സെന്റർ പ്രസിഡണ്ട് പാസ്റ്റർ എബ്രഹാം തോമസ് അധ്യക്ഷത വഹിച്ചു. കോട്ടയം സെന് നിന്നും ഹൈ റേഞ്ച് സെന്ററിൽ നിന്നുമുള്ള ദൈവദാസന്മാർ മീറ്റിംഗിൽ പങ്കെടുത്തു


CHRISTIANLIVE
CHRISTIAN LIVE.IN
Presents
Bhakta Smarana
2023 JULY
15
SATURDAY
07:30PM
AJMAN
BLOOMINGTON SCHOOL
AUDITORIUM
Bro.JEEMON
050-5854760
DR. WILSON JOSEPH
DR. K O MATHEW
CALL NOW : BRO.SANTHOSH EAPEN
050 6576490
CHRISTIAN MUSIC NIGHT WITH THE PARTICIPATION OF FAMILY MEMBERS OF LATE EVG. BHAKTAVALSALAN & FAMOUS DEVOTIONAL SINGERS FROM KERALA
OFFICIAL LAUNCH OF CHRISTIAN LIVE MEDIA OPERATIONS IN UAE